File No.TCPCTP/1042/2022-A5

*ഭരണഭാഷ - മാതൃഭാഷ*

# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- ജീവനക്കാര്യം - ശ്രീമതി. സജന.എ.വി, ഒന്നാംതരം ഡ്രാഫ്റ്റ്സ്മാന് അസിസ്റ്റന്റ് ടൗൺപ്ലാനർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റവും നിയമനവും അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) ജി.ഒ(പി) നം.22/2001/തസ്വഭവ തീയതി.31/01/2001
2) അസാധാരണ ഗസറ്റ് വിജ്ഞാപനം-ഗസറ്റ് നം. 1794 വാല്യം 11 തീയതി.30/05/2022 പ്രകാരം പ്രസദ്ധികരിച്ച 2022 വർഷത്തെ സെലക്ട് ലിസ്റ്റ്.
3)സർക്കാരിന്റെ 14/03/2022 ലെ എ.ആർ 14(1)/6/2022/ ഉ.ഭ.വ.പ നമ്പർ സർക്കുലർ

---

**എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ**

**നമ്പർ. TCPCTP/1042/2022-A5 തീയതി. 10/06/2022**

---

## ഉത്തരവ്

തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗിൽ അസിസ്റ്റന്റ് ടൗൺപ്ലാനർമാരായി തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റത്തിന് അർഹരായ ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ/ടൗൺപ്ലാനിംഗ് സർവ്വേയർമാരുടെ 2022 ലെ സെലക്ട് ലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസദ്ധീകരിച്ചിട്ടുണ്ട്. ടി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ മലപ്പുറം തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ് കാര്യാലയത്തിൽ സേവനമനുഷ്ഠിച്ച് വരുന്നതും ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ സീനിയറുമായ ശ്രീമതി. സജന.എ.വിയ്ക്ക് 55200-115300/- രൂപ ശമ്പള നിരക്കിൽ കെ.എസ് &എസ്.എസ്,ആർ 1958 ലെ ചട്ടം 28(b)(I) നും മറ്റ് പൊതുചട്ടങ്ങൾക്കും വിധേയമായി തസ്തികമാറ്റം വഴി അസിസ്റ്റന്റ് ടൗൺപ്ലാനർ ആയി സ്ഥാനക്കയറ്റം നൽകി വയനാട് ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

ടിയാൾ ടി തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിൽ രണ്ട് വർഷത്തെ സേവന കാലയളവ് നിരീക്ഷണ കാലയളവായി കണക്കാക്കുന്നതും ടി കാലയളവിനുള്ളിൽ അക്കൗണ്ട് ടെസ്റ്റ് ലോവർ/ ഹയർ/ അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേർസ് വിജയിക്കേണ്ടതുമാണ്.

പരാമർശം (2) ലെ സർക്കുലറിലെ നിർദേശം പാലിക്കേണ്ടതുള്ളതിനാൽ ടിയാളുടെ വയനാട് ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ നിയമനകാലം ഏറ്റവും കുറഞ്ഞത് ഒരു വർഷത്തേക്കോ അല്ലെങ്കിൽ പകരം ആളെ നിയോഗിക്കുന്നത് വരെയോ ആയിരിക്കും എന്ന് കൂടി വ്യവസ്ഥ ചെയ്യുന്നു.

ടിയാൾ താമസംവിനാ മലപ്പുറം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നും വിടുതൽ വാങ്ങി വയനാട് ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ജോലിയിൽ

File No.TCPCTP/1042/2022-A5

പ്രവേശിക്കേണ്ടതും ടി വിവരം യഥാസമയം ടൗൺപ്ലാനർമാർ ഈ കാര്യാലയത്തിൽ ആർ.ടി.സി സഹിതം അറിയിക്കേണ്ടതുമാണ്.

Signature valid
Digitally signed by Pramodkumar C P
Date: 2022.06.10 06:17:58 IST
Reason: Approved

പ്രമോദ് കുമാർ.സി.പി
ചീഫ് ടൗൺപ്ലാനർ

ശ്രീമതി.സജന.എ.വി, ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ
തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, മലപ്പുറം
(മേലധികാരി മുഖേന)

**പകർപ്പ്:-**

1. അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
2. ജില്ലാ ടൗൺപ്ലാനർ, മലപ്പുറം/വയനാട്
3. മുഖ്യനഗരാസൂത്രകൻ,തിരുവനന്തപുരം (സി.എ മുഖേന)
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. വെബ്സൈറ്റ്
6. എ I, എ 4, സെക്ഷൻ (സൂപ്രണ്ട് മുഖേന)
7. ഐ.ടി ഓഫീസർ
8. കരുതൽ ഫയൽ
9. അധികം.